**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.256 — 28.01.2019 ൽ മറുപടിക്ക്

**മണലൂർ മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മുരളി പെരുനെല്ലി | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
| (എ) | മണലൂർ മണ്ഡലത്തിലെ തൈക്കാട്, എളവള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയതിന്റെ ഭാഗമായി എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ മണലൂർ മണ്ഡലത്തിലെ തൈക്കാട്, എളവള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ സ.ഉ.(കൈ) നം.113/2018/ആ.കു.വ. തീയതി 16.06.2018 പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. തൈക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ നിലവിലെ കെട്ടിടത്തിന്റെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനായി എൻ.എച്ച്.എം.നിർമ്മിതി കേന്ദ്രം മുഖേന 17.20 ലക്ഷം രൂപയുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഇതു കൂടാതെ കുടുംബാരോഗ്യ കേന്ദ്രത്തിലെ പുതിയ ബ്ലോക്ക് നിർമ്മാണത്തിനായി 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് 15 ലക്ഷം രൂപ ഗുരുവായൂർ നഗരസഭ വകയിരുത്തിയിട്ടുണ്ട്. ഇവിടുത്തെ നാല് ജീവനക്കാർക്കും, നഗരസഭ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സണും പാലക്കാട് ഐ.ആർ.റ്റി.സി. ട്രെയിനിംഗ് സെന്ററിൽ വെച്ച് കിലയും ആരോഗ്യ വകുപ്പും ചേർന്നുള്ള ടീം ബിൽഡിംഗ് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ഇതു കൂടാതെ പി.എച്ച്.സി.എളവള്ളിക്ക് എൻ.എച്ച്.എം.മുഖേന 15.50 ലക്ഷം രൂപ അനുവദിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ആർദ്രം പദ്ധതിയുടെ അടുത്ത ഘട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി കണ്ടാണശ്ശേരി പഞ്ചായത്തിലെ മറ്റം പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഘട്ടം ഘട്ടമായി സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ